## അദ്ധ്യായം പതിനാല്

# വിശ്വാസത്തിന്റെ അടിസ്ഥാനം
**(Fundamentals of Faith)**

> വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉ് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേ തല്ലോ (എബ്രാ: 11:6).

ദൈവം ഉന്നെ അടിസ്ഥാന വിശ്വാസം ഒരു വിശ്വാസിയെ ദൈവ വിശ്വാസത്തിൽ വളർത്തുന്നു. ദൈവത്തെ അന്വേഷിക്കുന്നവരെ ദൈവം പ്രത്യേകമായി പരിഗണിക്കുന്നു. ഈ സത്യം ഗ്രഹിക്കുന്ന ഒരുവൻ ദൈവത്തെ തേടി കത്തൊൻ വെമ്പൽ കൊള്ളുന്നു. ദൈവത്തെ തേടുന്നതിലൂടെ (1) ദൈവത്തിന്റെ ഇഷ്ടം ഗ്രഹിക്കുന്നു, (2) ദൈവത്തെ അന നുസരിക്കുന്നു (3) ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നു. നമ്മുടെ ന ിത്യജീവിതത്തിൽ ഈ മൂന്നു ഘടകങ്ങളും അനിവാര്യമാണ്.

ഈ അദ്ധ്യായം നമ്മുടെ വിശ്വാസജീവിതത്തിന്റെ പ്രയാണത്തെ ഉറ്റുനോക്കുന്നതാണ്. വചനത്തിന് പ്രാധാന്യം നൽകാതെ ഭൗതികനന്മകൾക്ക് ഊന്നൽ നൽകി വിശ്വാസത്തെ നിർവചിക്കുന്നത് ഖേദകരമാണ്. ചിലർക്ക് ഈ വിഷയത്തോടു താത്പര്യമേ ഇല്ല. കാൽവഴുതി പുഴയിൽ വീഴുന്നവർ വെള്ളം കുടിച്ചേ മതിയാവു. വചനാടിസ്ഥാനത്തിൽ നമുക്ക് നിലനില്ക്കാം. വിശ്വാസവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ വചനത്തിലു്. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ പ്രാപിക്കുവാൻ നിത്യജീവിതത്തിൽ വിശ്വാസത്തെ പ്രായോഗികമാക്കാൻ ദൈവം ആഹ്വാനം ചെയ്യുന്നു.

യേശു വിശ്വാസത്തിന്റെ മാതൃകയാണ്. തന്റെ ശിഷ്യന്മാർ അത് പിൻ തുടരണമെന്ന് യേശു ആഗ്രഹിക്കുന്നു. ശിഷ്യന്മാരെ നേടുന്ന ഒരു ശുശ്രൂഷകൻ ദൈവ വിശ്വാസം പ്രാപിക്കണം. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ പ്രാപിക്കാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കണം. ഇത് പരമപ്രധാനമാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല. പ്രാർത്ഥന ക്ക് ഉത്തരം ലഭിക്കണമെങ്കിൽ വിശ്വാസം വേണം (മത്താ 21:22, യാക്കോ 1:8–9). ''അവിശ്വാസികൾക്ക് അനുഗ്രഹം ലഭിക്കയില്ല; വിശ്വാസിക്കുന്നവന് സകലവും കഴിയും,'' യേശു പറഞ്ഞു (മർക്കോ: 9:23).

## വിശ്വാസത്തിന്റെ നിർവചനം
## (Faith Defined)

വിശ്വാസത്തിന്റെ വചനാടിസ്ഥാനത്തിലുള്ള നിർവ്വചനം എബ്രാ: 11:1 ൽ കാണാം.

> വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.

ഈ നിർവ്വചനം വിശ്വാസത്തിന്റെ ചില സവിശേഷതകൾ വെളിപ്പെടുത്തുന്നു. ഒന്നാമതായി, ഉറപ്പ് . വിശ്വാസമുള്ള ഒരാളുടെ ഗുണമാണ് ഉറപ്പ്. ഇത് പ്രതീക്ഷയിൽനിന്നും വ്യത്യസ്തമാണ്. കാരണം വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പാണ്. ആശ പലപ്പോഴും സംശയത്തിന് ഇടം നൽകും. ''ആകാം'' പ്രതീക്ഷ പലപ്പോഴും ഈ അവ്യക്തതയെ ഉളവാക്കുന്നു. ''ഇന്ന് മഴ ഉാകും എന്റെ പൂന്തോട്ടം നനയും എന്ന് ഞാൻ വിചാരിക്കുന്നു.'' എന്ന് ഒരാൾ പറഞ്ഞാൻ തീർച്ചയായും മഴ ഉ ാകും എന്ന് ഉറപ്പിച്ചുപറയാൻ അയാൾക്ക് സാദ്ധ്യമല്ല. എന്നാൽ വിശ്വാസമെന്നത് ഉറപ്പാണ്, ''അതായത് ആശിക്കുന്നത് സംഭവിക്കുമെന്നതിന്റെ ഉറപ്പ്.''

വചനാടിസ്ഥാനത്തിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തെയല്ല സാധാരണക്കാർ വിവക്ഷിക്കുന്നത്. ഉദാഹരണത്തിന് മഴമുകിലുകളെ നോക്കി അവർ പറയും. ''ഇന്ന് മഴ പെയ്യാൻ സാദ്ധ്യതയു്.'' തീർച്ചയായും ഇന്ന് മഴ പെയ്യും എന്ന് ഉറപ്പിച്ചുപറയാൻ കഴിയുകയില്ല. ഇത് വചനാടിസ്ഥാന ത്തിലുള്ള വിശ്വാസമല്ല; വചനാടിസ്ഥാനത്തിലുള്ള വിശ്വാസത്തിന് സംശയത്തിന്റെ ആനുകൂല്യമില്ല. ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹത്തിന്റെ ഉറപ്പാണ് വിശ്വാസത്തിൽ വിളങ്ങി നൽക്കുന്നത്.

## കാണാത്ത കാര്യത്തിന്റെ ഉറപ്പാണ് വിശ്വാസം
## (Faith is the Conviction of Things Not Seen)

കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണ് വിശ്വാസമെന്ന് എബ്രാ 11:1 ൽ കാണുന്നു. ഇന്ദ്രിയങ്ങൾകൊ് കാണുവാനും ഗ്രഹിക്കുവാനും കഴിയുമെങ്കിൽ അവിടെ വിശ്വാസത്തിന് പ്രസക്തി ഇല്ല.

നിങ്ങളുടെ കയ്യിൽ ഒരു ബുക്ക് ഉന്നെ് ഞാൻ വിശ്വസിക്കുന്നു എന്ന് ഒരാൾ നിങ്ങളെ നോക്കി പറഞ്ഞാൽ ആ വ്യക്തിക്ക് എന്തോ തകരാറുന്നെ് നിങ്ങൾക്ക് ബോദ്ധ്യമാകും. കാരണം നിങ്ങളുടെ കരങ്ങളിൽ ഇരിക്കുന്ന ആ ബുക്ക് ആ വ്യക്തി വ്യക്തമായി കതാണ്, അതുകൊ് ബുക്ക് നിങ്ങളുടെ കയ്യിലു് എന്ന് ഞാൻ വിശ്വസിക്കുന്നു എന്ന് പറയേ ആവശ്യമില്ല.

കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണ് വിശ്വാസം. ഉദാഹരണത്തിന് ഞാൻ ഈ ബുക്ക് എഴുതിക്കൊിരിക്കുമ്പോൾ ഒരു ദൈവദൂതൻ എന്റെ ചാരത്ത് ഉന്നെു ഞാൻ വിശ്വസിക്കുന്നു. എനിക്കെങ്ങനെ അത് ഉറപ്പിക്കുവാൻ കഴുയും? ഞാൻ ദൈവദൂതനെ കിട്ടുമോ? ഇല്ല. ദൂതൻ പറക്കുന്നതോ, എന്റെ ചാരത്ത് നില്ക്കുന്നതോ ഞാനിതുവരേയും അറിഞ്ഞിട്ടില്ല. ഞാൻ ദൂതനെ കാണുകയോ, സാമിപ്യം അറിയുകയോ ശബ്ദം കേൾക്കുകയോ ചെയ്തിട്ടുെങ്കിൽ, എന്റെ ചാരത്ത് ദൂതൻ ഉന്നെു വിശ്വസിക്കേ കാര്യമില്ല. കാരണം ഞാൻ ദൂതനെ കാണുകയോ, അറിയുകയോ ചെയ്യുന്നു.

ദൂതന്റെ സാമീപ്യം എങ്ങനെയാണ് ഉറപ്പിക്കുന്നത്? ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അതിന് ഉത്തരം തരും. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു, സങ്കീ. 34:7ൽ ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. ദൈവവചനത്തേക്കാൾ മറ്റെന്തുതെളിവാണ് വേത്. കാണാത്ത കാര്യങ്ങളുടെ നിശ്ചയം എന്ന വചനാടിസ്ഥാനത്തിലുള്ള വിശ്വാസത്തിന്റെ നിർവ്വചനം എത്ര അനുയോജ്യമാണ്. ''കാഴ്ചയാലാണ് വിശ്വാസം'' എന്ന് ഒരു ചൊല്ലു്. എന്നാൽ ദൈവരാജ്യത്തിന്റെ പ്രമാണത്തിൽ ''വിശ്വാസത്താലാണ് കാഴ്ച.''

ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുമ്പോൾ സംശയത്തെ ഉളവാക്കുന്ന ചുറ്റുപാടുകൾ ജീവിതത്തിൽ ഉായേക്കാം, നമ്മോടുള്ള വാഗ്ദത്തത്തെ ദൈവം പാലിക്കുന്നില്ലായെന്ന് ചിന്തിപ്പിക്കുന്ന ചില ചുറ്റുപാടുകൾ ഉായേക്കാം. അപ്പോഴെല്ലാം വിശ്വാസത്തിൽ ഉറച്ച്, സംശയത്തെ അതിജീവിച്ച് ദൈവം വാക്കു മാറാത്തവനാണെന്ന ഉത്തമ ബോദ്ധ്യം ഉള്ളിൽ ഉറപ്പിക്കണം. ദൈവം ഭോഷ്ക്കുപറയുകയില്ല (തീത്തോ; 1:12).

## എങ്ങനെ വിശ്വാസം പ്രാപിക്കാം
## (How do we acquire faith?)

വിശ്വാസം ദൈവിക വാഗ്ദത്തത്തിന് വിധേയമാണ്. ദൈവത്തിന്റെ വചനമാണ് ഇതിന്നടിസ്ഥാനം. വിശ്വാസം കേൾവിയാലും കേൾവി ക്രസ്തുവിന്റെ വചനത്താലും വരുന്നു (റോമ: 10:17). വചനം ദൈവത്തിന്റെ ഇഷ്ടത്തെ വെളിപ്പെടുത്തുന്നു. നമ്മോടുള്ള ദൈവത്തിന്റെ ഇച്ഛ എന്താണെന്നറിയണം. ആ ഇച്ഛ നമ്മുടെ വിശ്വാസത്തെ വളർത്തും.

ഒരുവന് വിശ്വാസം ലഭിക്കണമെങ്കിൽ ദൈവത്തിന്റെ വാഗ്ദത്തവചനങ്ങൾ ശ്രവിക്കണം. പ്രാർത്ഥനയാലോ, ഉപവാസത്താലോ ഒരുവന്റെ കൈവപ്പിനാലോ വിശ്വാസം ലഭിക്കുകയില്ല. വചനകേഴ്വിയാൽ മാത്രമെ അത് ലഭിക്കുകയുള്ളു. ഒരിക്കൽ വചനം ശ്രവിച്ചുകഴിഞ്ഞാൻ അത് വിശ്വസിക്കുവാൻ ശ്രമിക്കണം.

നാം പ്രാപിച്ച വിശ്വാസം ക്രമമായി നമ്മിൽ വളരണം. വിവിധ രീതിയിലുള്ള വിശ്വാസമു്. ചെറിയ വിശ്വാസം, മലകളെ മറിക്കുന്ന

വിശ്വാസം. ഭക്ഷണവും അദ്ധ്വാനവും മനുഷ്യപേശികളെ ദൃഢമാക്കുന്നതുപോലെ ആത്മിക പോഷണവും അധ്വാനവും വിശ്വാസത്തെ വർദ്ധിപ്പിച്ച് ബലപ്പെടുത്തും. വചനധ്യാനത്തിലൂടെ വിശ്വാസത്തിനു വളരാൻ ആവശ്യമായ പോഷണം നൽകികൊിരിക്കണം. പ്രവർത്തിയിലുടെയും പ്രതികരണത്തിലുടെയും വചനാടിസ്ഥാനത്തിൽ വിശ്വാസത്തെ പ്രായോഗികമാക്കിക്കൊിരിക്കണം. പ്രശ്നങ്ങളും വേദനകളും വിശ്വാസത്തെ മാറ്റുരക്കാനുള്ള വേദികളാണ്. ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ വാശ്വാസത്തോട് പ്രശ്നങ്ങളെ അഭിമുഖീകരിക്കണമെന്ന് ദൈവം തന്റെ കുഞ്ഞുങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നു (മത്താ 6:25–34, ഫിലി; 4:6–8; 1 പത്രോ: 5–7). ദുഃഖത്തെ നിരസിക്കുന്നതുമൂലം നാം വിശ്വാസത്തെ പോഷിപ്പിക്കയാണ്.

ദൈവത്തിന്റെ അരുളപ്പാട് നാം പൂർണ്ണമായി വിശ്വസിച്ചാൽ ആ അരുളപ്പാടുകൾക്കനുസരിച്ച് നാം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. യേശു ദൈവപുത്രനാണെന്ന് നിങ്ങൾ വിശ്വസിച്ചാൽ നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും ആ വിശ്വാസത്തിനനുസരിച്ചായിരിക്കും. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റുമെന്ന് നിങ്ങൾ വിശ്വസിച്ചാൽ നിങ്ങളുടെ സംസാരത്തിലും പ്രവൃത്തിയിലും അതു വെളിപ്പെടും. നിങ്ങൾ ആരോഗ്യവാനായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെന്ന് നിങ്ങൾ വിശ്വസിച്ചാൽ, നിങ്ങൾ അതനുസരിച്ച് സംസാരിക്കുകയും പ്രവർത്തിക്കുകയവും ചെയ്യും. പ്രതികൂലങ്ങളുടെ നടുവിൽ ദൈവത്തോടുള്ള വിശ്വാസം മുറുകെ പിടിച്ച് ദൈവിക അത്ഭുതങ്ങൾ പ്രാപിച്ച അനേകരുടെ കഥ ബൈബിളിൽ കാണുവാൻ കഴിയും. തുടർന്നുള്ള അദ്ധ്യായങ്ങളിൽ അത്ഭുതങ്ങളെക്കുറിച്ച് നമുക്ക് പഠിക്കാം. മറ്റു ചില ഉദാഹരണങ്ങൾക്ക് 2 രാജ 4:1–7; മർക്കോ 5:25–34; ലൂക്കോ 19:1–10 അപ്ര: 14:7–10 നോക്കുക.

## വിശ്വാസം ഹൃദയത്തിൽനിന്നു വരുന്നു
## (Faith is of the Heart)

വിശ്വാസം മനസ്സിലല്ല ഹൃദയത്തിലാണ് പ്രവർത്തിക്കുന്നത്. പൗലോസ് പറയുന്നു, “ഒരുവൻ ഹൃദയം കൊ് വിശ്വസിക്കുന്നു” (റോമ 10: 10എ) യേശു പറഞ്ഞു:

> ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചുകൊ് ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടുപറയുന്നു (മർക്കോ 11:23).

ദൈവിക വാഗ്ദത്തങ്ങൾ പ്രാപിക്കാനിരിക്കുന്ന നമുക്ക് ഹൃദയത്തിൽ വിശ്വാസവും മനസ്സിൽ സംശയവും കടന്നു വരാം. ഇന്ദ്രിയങ്ങളുടെ സ്വാധീനവും പിശാചിന്റെ ഭോഷ്ക്കും മനസ്സിൽ സംശയത്തിന്റെ ശരങ്ങൾ

കുത്തിയിറക്കാം. അപ്പോൾ നാം ദൈവിക വാഗ്ദത്തങ്ങളിൽനിന്ന് അണുവിട വ്യതിചലിക്കാതെ വിശ്വാസത്തെ മുറുകെ പിടിച്ച് സംശയങ്ങളെ ദൂരീകരിക്കണം.

## വിശ്വാസത്തെക്കുറിച്ചുള്ള ചില തെറ്റിദ്ധാരണകൾ (Common Faith Mistakes)

വിശ്വാസത്തെ പ്രാവർത്തികമാക്കാൻ ദൈവവചനം അനിവാര്യമാണ്. വിശ്വാസത്തിലൂടെ നാം നേടുവാൻ ആഗ്രഹിക്കുന്നത് വചനത്തിന്റെ പിൻബലമില്ലായെങ്കിൽ പരാജയപ്പെടുക തന്നെ ചെയ്യും. ദൈവം വാഗ്ദത്തം ചെയ്യാത്ത ഒന്നിനുവേി വിശ്വാസം പുലർത്തിയാൽ അത് പരാജയപ്പെട്ടേക്കാം.

വചനാടിസ്ഥാനത്തിൽ വിവാഹിതരായ ദമ്പതികളുടെ ദൈവിക വാഗ്ദത്തമാണ് തലമുറ. സന്തതികൾ ലഭിക്കയില്ലായെന്ന് വൈദ്യ പരിശോധനയിലൂടെ വിധിയെഴുതപ്പെട്ട അനേക ദമ്പതികളെ എനിക്കറിയാം. എന്നാൽ അവർ വചനം വിശ്വസിച്ച് താഴെ പറഞ്ഞിരിക്കുന്ന വാഗ്ദത്തങ്ങൾക്കു വേി നിന്നതിനാൽ അവർ ഇന്ന് ആരോഗ്യമുള്ള മക്കളുടെ മാതാപിതാക്കളാണ്.

> നിങ്ങളുടെ ദൈവമായ യഹോവയെ തന്നേ സേവിപ്പിൻ; എന്നാൽ അവൻ നിന്റെ അപ്പത്തേയും വെള്ളത്തേയും അനുഗ്രഹിക്കും; ഞാൻ രോഗങ്ങളെ നിന്റെ നടുവിൽനിന്നു അകറ്റിക്കളയും; ഗർഭം അലസ്സുന്നവളും മച്ചിയും നിന്റെ ദേശത്ത് ഉാകുകയില്ല; നിന്റെ ആയുഷ്ക്കാലം ഞാൻ പൂർത്തിയാക്കും (പുറ 23: 25-26).

> നീ സകല ജാതികളേക്കാളും അനുഗ്രഹിക്കപ്പെട്ടിരിക്കും വന്ധ്യനും, വന്ധ്യയും നിങ്ങളിലാകട്ടെ നിന്റെ നാല്ക്കാലികളിലാകട്ടെ ഉാകുകയില്ല (ആവ 7: 14).

സന്തതികളില്ലാത്ത ദമ്പതികൾക്ക് ഈ വാഗ്ദത്തവചനങ്ങൾ പ്രോത്സാഹജനമാണ്. ഈ വാഗ്ദത്തത്തെ മുറുകെ പിടിച്ച് ഒരാൺകുഞ്ഞിനോ പെൺകുഞ്ഞിനോ വേി കാത്തിരിക്കുന്നത് മറ്റൊരു കഥ. നമുക്ക് ലഭിക്കാൻ പോകുന്ന ശിശുവിന്റെ ലിംഗം നിർണ്ണയിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുന്ന വാഗ്ദത്തങ്ങൾ ഒന്നും വചനത്തിൽ ഇല്ല. നമ്മുടെ വിശ്വാസം ഫലമണിയണമെങ്കിൽ നാം വചനത്തിന്റെ പരിധിക്കുള്ളിൽത്തന്നെ നില്ക്കണം. വാഗ്ദത്തങ്ങളുടെ വെളിച്ചത്തിൽ മാത്രമെ നമുക്ക് ദൈവത്തെ വിശ്വസിക്കാൻ കഴിയുകയുള്ളു.

ദൈവവചനത്തിലുള്ള വാഗ്ദാന പ്രകാരം നമുക്ക് ലഭിച്ച വാഗ്ദത്തത്തെ നമുക്ക് വിശ്വസിക്കാം.

> കർത്താവുതാൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന്

ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും (1 തെസ് 4:16).

വചനാടിസ്ഥാനത്തിൽ മുകളിൽ ക വാഗ്ദത്തം ഒരു വസ്തുത പ്രസ്താവിക്കുന്നു: യേശു പോയതുപോലെ മടങ്ങി വരും.

എന്നാൽ യേശു നാളെ വരുമോ? ഇല്ല. കാരണം അങ്ങനെ ഒരു വചനവാഗ്ദത്തം ഇല്ല. വചനാടിസ്ഥാനത്തിൽ പറഞ്ഞാൻ യേശു എന്ന്, ഏതു നാഴികയിൽ മടങ്ങി വരുമെന്ന് ഉറപ്പില്ല.

''യേശുവെ! അങ്ങ് നാളെത്തന്നെ മടങ്ങി വരണമേ!'' നാം പ്രത്യാശിക്കയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ അതിന്റെ മേൽ നമുക്ക് യാതൊരു ഉറപ്പുമില്ല. വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുമ്പോൾ അത് സംഭവിക്കും കാരണം യേശു പോയതുപോലെ മടങ്ങിവരുമെന്ന് സഭക്ക് ഉറപ്പുകൊടുത്തിട്ട്. അത് നമ്മുടെ വാഗ്ദത്തമാണ്.

മരിച്ചവിശുദ്ധന്മാർ യേശുവിന്റെ വീും വരവിൽ ഉയർത്തെഴുന്നേല്ക്കുമെന്ന് ഈ വാഗ്ദത്തം നമുക്ക് ഉറപ്പുതരുന്നു. യേശുവിന്റെ വരവിൽ ക്രിസ്തുവിൽ മരിച്ചവിശുദ്ധന്മാർ ഉയർത്തെഴുന്നേൽക്കുമ്പോൾ ജീവിച്ചിരിക്കുന്ന നാം ആദ്യം രൂപാന്തരം പ്രാപിക്കുമെന്ന് നമുക്ക് വിശ്വസിക്കാമോ? ഇല്ല. കാരണം ക്രിസ്തുവിൽ മരിച്ച വൃതന്മാർ ആദ്യം ഉയിർക്കും; പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 തെസ് 4:17) അതുകൊ് ക്രിസ്തുവിൽ മരിച്ചവർ ക്രിസ്തുവിന്റെ വരവിങ്കൽ ആദ്യം ഉയിർക്കപ്പെടാതിരിക്കില്ല. കാരണം ദൈവവചനത്തിന്റെ വാഗ്ദത്തം അതാണ്.

നാം ദൈവത്തിൽ വിശ്വസിച്ചുകൊ് എന്തെങ്കിലും ആശിച്ചാൽ അത് നമുക്ക് ലഭിക്കുന്നത് ദൈവത്തിന്റെ ഇഷ്ടം അതിന്മേൽ ഉായിട്ടാണ് എന്ന് നാം വിശ്വസിക്കണം. ദൈവത്തിന്റെ ഇഷ്ടം വചനപ്രകാരമുള്ള വാഗ്ദത്തത്തിന്റെ ഉറപ്പാണ്.

വിശ്വാസം വാഗ്ദത്തത്തിൽ അധിഷ്ടിതമാണ്. വാഗ്ദത്തത്തിന് വിധേയമല്ലാത്തത് വിശ്വാസമല്ല, വിഡ്ഢിത്തമാണ്. ദൈവത്തോടു നീ എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പ് നീ നിന്നോടു തന്നെ ചോദിക്കുക. ഞാൻ ചോദിക്കാൻ പോകുന്നത് വചനപ്രകാരം എനിക്ക് വാഗ്ദത്തം ചെയ്യപ്പെട്ടതാണോ? വാഗ്ദത്തം ചെയ്യപ്പെട്ടിട്ടില്ലായെങ്കിൽ നിന്റെ വിശ്വാസത്തിനു അടിസ്ഥാനമില്ല.

## രാമത്തെ സർവ്വസാധാരണമായ തെറ്റ്
## (A Second Common Mistake)

പലവിശ്വാസികളും ദൈവത്തിന്റെ വാഗ്ദത്തങ്ങൾ തങ്ങളുടെ ജീവിതത്തിൽ സംഭവിച്ചു കാണുവാൻ ആഗ്രഹിക്കുന്നു എന്നാൽ ആ വാഗ്ദത്തത്തിന്റെ പിന്നിലുള്ള വ്യവസ്ഥകളെ പലപ്പോഴും പരിഗണിക്കാറില്ല. ഉദാഹരണത്തിന്, 37-ാം സങ്കീർത്തനം പരാമർശിച്ചുകൊ് പലരും പറയുന്നത് കേട്ടിട്ടു്: വചനം പറയുന്നു - ദൈവം എന്റെ ഹൃദയത്തിലെ ആഗ്രഹം സാധിച്ചുതരും, അത് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ദൈവം നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങളെ സാധിപ്പിച്ചുതരുമെന്ന് മാത്രമല്ല പറയുന്നത്, വചനം യഥാർത്ഥത്തിൽ പറയുന്നത് എന്താണെന്ന് നോക്കാം.

> ദുഷ്പ്രവർത്തിക്കാരുടെ നിമിത്തം നീ മുഷിയരുത്; നീതികേടു ചെയ്യുന്നവരോട് അസൂയപ്പെടുകയുമരുത്. അവൻ പുല്ലുപോലെ വേഗത്തിൽ ഉണങ്ങി പച്ചച്ചെടിപോലെ വാടിപ്പോകുന്നു. യഹോവയിൽ ആശ്രയിച്ച് നന്മ ചെയ്യുക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്കുക, യഹോവയിൽ തന്നെ രസിച്ചുകൊള്ളുക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹത്തെ നിനക്കുതരും, നിന്റെ വഴി യഹോവയിൽ ഭരമേൽപ്പിക്കുക അവനിൽതന്നെ ആശ്രയിക്കുക. അവൻ അതു നിർവ്വഹിക്കും (സങ്കീ. 37: 1-5).

ദൈവം നമ്മുടെ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ സാധിപ്പിച്ചുതരും. പക്ഷെ നാം ചില വ്യവസ്ഥകളും കല്പനകളും പാലിച്ചേ മതിയാവു. മുകളിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്ന വചനത്തിൽ ചുരുങ്ങിയത് എട്ടു വ്യവസ്തകൾ ഉള്ളതായികാണാം. ഈ വ്യവസ്ഥകൾ പാലിക്കുവാൻ തയ്യാറല്ലായെങ്കിൽ ആ വാഗ്ദത്തം ദാനം ചെയ്യുന്ന അനുഗ്രഹങ്ങൾ ലഭിക്കയില്ല. നമ്മുടെ വിശ്വാസത്തിനു യൊതൊരു അടിസ്ഥാനവുമില്ല.

''എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കേയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുവിൽ പൂർണ്ണമായി തീർത്തുതരും'' ഫിലി 4:19 ൽ പറഞ്ഞിരിക്കുന്ന ഈ വഗ്ദത്തം പലരും ഊന്നിപ്പറയാറു്. എന്നാൽ ആ വാഗ്ദത്തത്തിന്റെ പിന്നിൽ എന്തെങ്കിലും വ്യവസ്തകൾ ഉോ? തീർച്ചയായും വ്യവസ്തകൾ ഉ്. ഫിലി 4:19 ൽ പറഞ്ഞിരിക്കുന്ന വാഗ്ദത്തങ്ങൾ യഥാർത്ഥത്തിൽ എല്ലാ വിശ്വാസികൾക്കും വേി പറഞ്ഞിട്ടുള്ളതല്ല. ഇത് ദൈവനാമത്തിനുവേി ചിലവിടുന്നവർക്കുള്ള വാഗ്ദത്തമാണ്. ഫിലിപ്പിയിലുള്ള ജനം പൗലോസിന് സ്തോത്രവഴിപാട് നൽകിയതുകൊ് പൗലോസിലൂടെ ദൈവാത്മാവ് ഫിലിപ്പിയിലുള്ള ജനത്തിന് നൽകിയ വാഗ്ദത്തവും അനുഗ്രഹവുമാണ് ഇവിടെ കാണുന്നത്. യേശു പറഞ്ഞതുപോലെ അവർ ആദ്യം ദൈവത്തിന്റെ രാജ്യം അന്വേഷിച്ചു അതുകൊ് ദൈവം അവരുടെ ആവശ്യങ്ങൾ ഒക്കേയും നിവൃത്തിച്ചുകൊടുക്കുമെന്ന് യേശു പറഞ്ഞു (മത്താ 6:33). നമ്മുടെ ഭൗതിക അനുഗ്രഹങ്ങളുടെ കലവറ തുറക്കപ്പെടുന്നത് ആദ്യം നാം ദൈവത്തിനു കൊടുക്കുക എന്ന വ്യവസ്ഥ പാലിക്കുന്നതിലൂടെയാണ്.

ദൈവത്തിന് കൊടുക്കുക എന്ന കല്പനയെ പ്രമാണിക്കാത്ത ഒരുവന്, ദൈവം തന്റെ ആവശ്യങ്ങൾ ഒക്കേയും നിവൃത്തിച്ചുതരുമെന്ന് പ റയുവാൻ സാദ്ധ്യമല്ല. ദശാംശവും വഴിപാടും നൽകാത്തതുകൊ് ഈ ജനം ശപിക്കപ്പെട്ടിരിക്കുന്നു എന്ന് മലാഖി (3:8-12) വാക്യങ്ങൾ പറയുന്നു.

തിരുവചനത്തിലെ വാഗ്ദത്തങ്ങളും അനുഗ്രഹങ്ങളും ദൈവത്തെ അനുസരിക്കുന്നതിലുടെ നമുക്ക് ലഭിക്കുന്നതാണ്. അതുകൊ് നാം ദൈവത്തിന്റെ വാഗ്ദത്തങ്ങളും അനുഗ്രഹങ്ങളും അവകാശം ചോദിക്കുന്നതിനുമുമ്പേ നാം നമ്മോടുതന്നെ ചോദിക്കണം ആ വാഗ്ദത്തം പ്രപിക്കുവാൻ ആവശ്യമായ വ്യവസ്തകൾ പൂർണ്ണമായും ഞാൻ പ ാലിക്കുന്നുോ?

## aq¶mas¯ sXäv
## (A Third Common Mistake)

പ്രാർത്ഥനയിൽ ദൈവത്തോടു യാചിക്കുന്നവർ പാലിക്കേ ഒരു വ്യവസ്ഥ പുതിയ നിയമത്തിൽ യേശു വെളിപ്പെടുത്തുന്നു.

> ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ. ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ ഞാൻ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചുകൊ് ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൻ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടുനിങ്ങളോടു പറയുന്നു. അതുകൊ് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ. എന്നാൽ അതു നിങ്ങൾക്ക് ഉാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു (മർക്കോ 11:22-24).

നാം പ്രാർത്ഥിക്കുമ്പോൾ അത് ലഭിച്ചു എന്നു വിശ്വസിക്കണം. പല വിശ്വാസികളും പ്രാർത്ഥിക്കുന്ന വിഷയത്തിൽ വിടുതൽ ലഭിക്കും എന്നു വിശ്വസിക്കുന്നു; എന്നാൽ വിടുതൽ ലഭിച്ചിരിക്കുന്നു എന്ന് വിശ്വസിക്കാറില്ല.

ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നതനുസരിച്ച്, ആ വാഗ്ദത്തം നിറവേറാൻ നാം പ്രാർത്ഥിക്കുമ്പോൾത്തന്നെ അത് ലഭിച്ചുകഴിഞ്ഞു എന്ന വിശ്വാസത്തോടെ ദൈവത്തിന് നന്ദി പറഞ്ഞു പ്രാർത്ഥിക്കണം. പ ൗലോസ് പറഞ്ഞു.

> ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയിലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകുടെ ദൈവത്തോടു അറിയിക്കയത്രെ വേത് (ഫിലി. 4:6).

നമ്മുടെ ഹൃദയത്തിൽ വിശ്വാസമുങ്കെിൽ, നമ്മുടെ വാക്കുകളും പ്രവർത്തികളും നമ്മുടെ വിശ്വാസത്തോടു ബന്ധപ്പെട്ടതായിരിക്കും. യേശു പറഞ്ഞു: ഹൃദയം നിറഞ്ഞുകവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത് (മത്താ 12:34).

ചില വിശ്വാസികൾ ഒരേ വിഷയത്തിനുവേി തുടർച്ചയായി പ്രാർത്ഥിച്ചുകൊിരിക്കും. പ്രാർത്ഥനയിൽ വിടുതൽ ലഭിച്ചു എന്നു വിശ്വസിക്കാൻ അവർക്കു കഴിയുന്നില്ല. വിഷയത്തിനു പ്രാർത്ഥനയിൽ വിടുതൽ ലഭിച്ചു എന്നു വിശ്വസിക്കാൻ കഴിഞ്ഞാൽ ഒരു വിഷയത്തിനുവേി വീും പ്രാർത്ഥിക്കേ ആവശ്യമില്ല. വീും ഒരേ വിഷയത്തിനുവേിയുള്ള പ്രാർത്ഥന, ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നില്ലയോ എന്ന സംശയം ഉള്ളിൽ ജനിപ്പിക്കും.

**യേശു ഒരേ വിഷയം തന്നെ പല പ്രാവശ്യം പ്രാർത്ഥിച്ചിട്ടില്ലയോ?**
**(Didn't Jesus Make the Same Request - More thanOnce?)**

ഗദസമന പൂന്തോട്ടത്തിൽ യേശു ഒരേ വിഷയം തന്നെ ആവർത്തിച്ചു പ്രാർത്ഥിച്ചു (മത്താ 26: 39-44). ശ്രദ്ധിക്കുക, ആ പ്രാർത്ഥന ദൈവത്തിന്റെ വെളിപ്പെട്ട ഇച്ഛ അനുസരിച്ചുള്ള ഒരു വിശ്വാസപ്രാർത്ഥന ആയിരുന്നില്ല. ക്രൂശിൽനിന്നും എങ്ങനെയെങ്കിലും രക്ഷപ്പെടണമെന്നുള്ള മാനുഷികത്വരയിൽ നിന്നുടലെടുത്ത അപേക്ഷ ആയിരുന്നു. യേശുവിന്റെ അപേക്ഷ ദൈവത്തിന്റെ ഇച്ഛക്ക് എതിരാണെന്ന് യേശുവിന് അറിയാമായിരുന്നു. അതുകൊാണ് യേശുവിന്റെ മൂന്നു പ്രാർത്ഥനയിലും താൻ പിതാവിന്റെ ഇഷ്ടത്തിനായി പൂർണ്ണമായി സമർപ്പിച്ചുകൊടുത്തത്.

യേശുവിന്റെ ഈ പ്രാർത്ഥനയുടെ മറപിടിച്ച് ഇന്ന് പലരും അങ്ങനെ തന്നെ പ്രാർത്ഥിക്കാറു്. അങ്ങയുടെ ഇഷ്ടമെങ്കിൽ അതു സംഭവിക്കട്ടെ, എങ്കിലും എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.

നാം ഓർക്കേ ഒരു വസ്തുത ക്രൂശുമരണത്തിന് യേശു ഏല്പിക്കപ്പെടണമെന്നതാണ് ദൈവത്തിന്റെ ഇച്ഛ. അതിനെതിരായി യേശു പ്രാർത്ഥിച്ചാൽ വിടുതൽ അസാദ്ധ്യമാണ് കാരണം ദൈവത്തിന്റെ വാഗ്ദത്തം യേശുവിന്റെ ക്രൂശ് മരണമാണ്. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ വാഗ്ദത്തത്തെ മുറുകെപിടിച്ചാണ് പ്രാർത്ഥിക്കുന്നത്. ഉദാഹരണത്തിന്, കർത്താവെ! ഞാൻ എന്റെ പാപത്തെ ഏറ്റുപറയുന്നു, അങ്ങക്ക് ഇഷ്ടമെങ്കിൽ എന്റെ പാപത്തെ പൊറുക്കേണമെ! എന്റെ പാപത്തെ പൊറുക്കുന്നത് ദൈവത്തിന്റെ ഇഷ്ടം ആയിരിക്കണമെന്നില്ല, കാരണം ദൈവവചനം പറയുന്നു; "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹ 1:9) മേൽ പറഞ്ഞ പ്രാർത്ഥന ദൈവിക ഇച്ഛക്ക് വിപരീതവും വിശ്വാസത്തിന്റെ വീര്യം കുറക്കുന്നതുമാണ്.

പ്രാർത്ഥനയുടെ അന്ത്യത്തിൽ, എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം പോലെ ആകട്ടെ എന്ന് യേശു ഒരിക്കലും പറഞ്ഞിട്ടില്ല. ഒരിക്കൽ മാത്രമെ യേശു അങ്ങനെ പ്രാർത്ഥിച്ചിട്ടുള്ളു. താൻ അനുഭവിക്കുവാൻ പോകുന്ന

പ്രാണവേദന മുന്നിൽ ക്, പിതാവിന്റെ ഇഷ്ടം എന്താണെന്ന് അറിയാമായിരുന്നെങ്കിൽകൂടി അതിൽ നിന്ന് ഒരു വിടുതൽ മാനുഷികമായി യേശു ആഗ്രഹിച്ചിരുന്നു.

ചില ചുറ്റുപാടുകളിൽ ദൈവത്തിന്റെ ഇഷ്ടം വെളിപ്പെട്ടു കിട്ടുന്നില്ലെങ്കിൽ, നമുക്ക് പ്രാർത്ഥനയുടെ അന്ത്യത്തിൽ ദൈവമേ നിന്റെ ഹിതമെങ്കിൽ എന്നു പറഞ്ഞ് പ്രാർത്ഥിച്ച് അവസാനിപ്പിക്കാം. യാക്കോബ് എഴുതി:

> ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാ ുകഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉാക്കും എന്നു പറയുന്നവരെ, കേൾപ്പിൻ: നാളെത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവൻ എങ്ങനെ ഉള്ളത്? അല്പനേരത്തേക്കുകാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ? കർത്താവിന് ഇഷ്ടമുങ്കെിൽ ഞങ്ങൾ ജീവിച്ചിരുന്ന് ഇന്നിന്നതുചെയ്യും എന്നല്ലയോ പറയേത്. നിങ്ങളോ വമ്പു പറഞ്ഞു പ്രശംസിക്കുന്നു. ഈ വക പ്രശംസ എല്ലാം ദോഷമാകുന്നു (യാക്കോ 4: 13-16).

വാഗ്ദത്തം നിറവേറാൻ വ്യവസ്ഥകൾ പാലിക്കണം. ഇങ്ങനെ വ്യവസ്ഥകൾ പാലിച്ച് വാഗ്ദത്തങ്ങൾക്കുവേി കാത്തിരിക്കുന്ന നിങ്ങൾ എന്തു ചെയ്യണം? വാഗ്ദത്തം നമ്മുടെ ജിവിതത്തിൽ നിവർത്തിയാകുന്നതുവരെ നമുക്ക് അത് ലഭിച്ചു എന്ന വിശ്വാസത്തോടെ നാം നന്ദി പ്രാകാശിപ്പിച്ചു കൊയേിരിക്കണം. ദൈവിക വാഗ്ദത്തം നമ്മിൽ വെളിപ്പെടുവാൻ നമ്മിൽ തുറന്നുവരേരുവഴികളാണ് വിശ്വാസവും ക്ഷമയും (എബ്രാ 6:12). നമ്മെ പ രാജയപ്പെടുത്തുവാൻ സാത്താൻ കൊുവരുന്ന ഒരു തന്ത്രമാണ് സംശയം. ന മ്മുടെ മനസ്സ് ഒരു പോർക്കളമാണെന്ന് നാം അറിയണം. സംശയത്തിന്റെ ചി ന്താശരങ്ങൾ മനസ്സിനോടു മല്ലുപിടിക്കുമ്പോൾ ദൈവികവാഗ്ദത്തങ്ങൾ മുറുകെ പിടിച്ച് വിശ്വാസത്തോടെ ദൈവവചനം ഉരുവിട്ട് ദുഷ്ടൻ കൊുവന്ന ചിന്തകളെ മനസ്സിൽനിന്ന് തൂത്തുകളയണം. നാം അങ്ങനെ ചെയ്യുമ്പോൾ സാത്താൻ നമ്മെവിട്ട് ഓടിപ്പോകും (യാക്കോ 4:7, 1 പത്രോ 5:8,9).

## വിശ്വാസത്തിന്റെ പ്രവൃത്തി - ഒരുദാഹരണം (An Example of Faith in Action)

അപ്പോസ്തലനായ പത്രോസിന്റെ വെള്ളത്തിന്മേലുള്ള നടപ്പ് വിശ്വാസം പ്രവർത്തിയിൽ വെളിപ്പെടുത്തിയതിന്റെ വ്യക്തമായ ഉദാഹരണമാണ്. പത്രോസിന്റെ ഈ കഥ വായിച്ച് ഇതിന്റെ പാഠം എ ന്തന്ന് നമുക്ക് നോക്കാം.

ഉടനെ യേശു താൻ പുരുഷാരത്തെ പറഞ്ഞയക്കുന്നതിനിടയിൽ ശിഷ്യന്മാർ പടകിൽ കയറി തനിക്കുമുമ്പായി അക്കരക്കു പോകുവാൻ അവരെ നിർബന്ധിച്ചു. അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ട് പ്രാർത്ഥിക്കുവാൻ തനിയെ മലയിൽ കയറിപ്പോയി, വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു. പടകോ കരവിട്ടു പലനാഴിക ദൂരത്തായി, കാറ്റു പ്രതികൂലമാകകൊ് തിരകളാൽ വലഞ്ഞിരുന്നു. രാത്രിയിലെ നാലാം യാമത്തിൽ അവർ കടലിന്മേൽ നടന്ന് അവരുടെ അടുക്കൽ വന്നു അവൻ കടലിന്മേൽ നടക്കുന്നതുകിട്ട് ശിഷ്യന്മാർ ഭ്രമിച്ച് അത് ഒരു ഭൂതം എന്നു പറഞ്ഞ് പേടിച്ചു നിലവിളിച്ചു. ഉടനെ യേശു അവരോടു ധൈര്യപ്പെടുവിൻ, ഞാൻ ആകുന്നു. പേടിക്കേ എന്നു പറഞ്ഞു. അതിനുപത്രോസ്: കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരേതിന് കല്പിക്കണം എന്നു പറഞ്ഞു. പത്രോസ് പടകിൽനിന്ന് ഇറങ്ങി യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു.എന്നാൽ അവൻ കാറ്റുക് പേടിച്ച് മുങ്ങിത്തുടങ്ങുകയാൽ: കർത്താവേ, എന്നെ രക്ഷിക്കണമേ എന്നു നിലവിളിച്ചു. യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ച്: അല്പവിശ്വാസിയെ, നീ എന്തിന് സംശയിച്ചു എന്നു പറഞ്ഞു. അവൻ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു. പടകിലുള്ളവർ: നീ ദൈവപുത്രൻ സത്യം എന്ന് പറഞ്ഞ് അവനെ നമസ്കരിച്ചു. (മത്താ 14:22-33).

യേശുവിന്റെ ശിഷ്യന്മാർ ഗലീലകടലിൽ കൊടുങ്കാറ്റിനാൽ പീഡിപ്പിക്കപ്പെട്ടു (മത്താ 8: 23, 27). അപ്പോൾ യേശു ശിഷ്യന്മാരോടൊപ്പം ഉായിരുന്നു. യേശു കാറ്റിനേയും കടലിനേയും ശാസിച്ചു. ശിഷ്യന്മാരുടെ അവിശ്വാസത്തെ യേശു ശാസിച്ചു. അവരുടെ യാത്രക്കുമുമ്പ് തന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞിരുന്നു. നാം അക്കരയ്ക്ക്പോക (മർക്കോ 4:35) ചുറ്റുപാടുകളുടെ സമ്മർദ്ദത്തിൽ അക്കരക്കുപോക എന്ന ലക്ഷ്യം മറന്നുപോയ ശിഷ്യന്മാർ മരണഭീതിയിലായി. യേശു അവരുടെ അവിശ്വാസത്തെ ഓർത്തുവേദനിച്ചു. കേവലം ഭയമില്ലാത്തവരായെങ്കിലും ഇരിക്കണമെന്ന് യേശു ശിഷ്യന്മാരേക്കുറിച്ച് ആഗ്രഹിച്ചു.

ആത്മാവിന്റെ കല്പന പ്രകാരം യേശു ശിഷ്യന്മാരെ ഗലീല കടൽ കടന്ന് അക്കരെ പോകുവാൻ നിർബന്ധിച്ചു. അവരുടെ യാത്രയിൽ പ്രതികൂലമായി ഈശാനമൂലൻ ഉാകുമെന്നും ദൈവത്തിന് അറിയാമായിരുന്നു. ശിഷ്യന്മാരുടെ വിശ്വാസം ശോധന ചെയ്യപ്പെടുകയായിരുന്നു. അല്പസമയംകൊ് അവസാനിക്കേ പ്രതികൂലത്തിന്റെ കാറ്റ് രാത്രി നാലാം യാമം വരെ തുടർന്നു. ഈ പ്രതികൂലത്തെ തരണം ചെയ്യാൻ ശിഷ്യന്മാർ സഹിച്ച ത്യാഗം ശ്രേഷ്ടമാണ്;

എന്നാൽ ദിവസങ്ങൾക്കുമുമ്പ് ഇങ്ങനെയുായ പ്രതികൂലത്തെ യേശു അമർച്ച ചെയ്തത് അവർ കതാണ്. ശിഷ്യന്മാരിൽ ഒരുവനുപോലും കാറ്റിനെ ശാസിക്കുവാനുള്ള വിശ്വാസം ഉായില്ല. നാലാം യാമത്തിൽ യേശു കടലിലൂടെ

നടന്നു അവരുടെ അടുക്കൽ ചെന്നു അവരെ കടന്നുപോകുവാൻ ഭാവിച്ചു (മർക്കോ 6:48) അവരുടെ പ്രശ്നങ്ങളുടെ നടുവിൽ അവരെ ഉപേക്ഷിച്ചുപോകുവാൻ ഭാവിച്ചു. ഈ പ്രതികൂലത്തിൽ പ്രാർത്ഥിക്കുവാനോ, ദൈവത്തിങ്കലേക്കു നോക്കുവാനോ ശിഷ്യന്മാർ തയ്യാറായില്ലാ എന്നതാണ് വസ്തുത. നാം പ്രതികൂലകാറ്റുകൾക്ക് എതിരെ തുവലിച്ച് കുഴയുമ്പോൾ അത്ഭുതവാനായ ദൈവം നമ്മുടെ ആവശ്യഭാരങ്ങളിൽനിന്നുയരുന്ന ഒരു നിലവിളിക്കുവേ കാതോർത്തു നമ്മുടെ ചാരത്തുനിന്ന എത്രയോ സംഭവങ്ങൾ നമ്മുടെ ജീവിതത്തിൽ ഉായിട്ടു്. ഭൂതമെന്ന് തെറ്റിദ്ധരിച്ച് പലപ്പോഴും യേശുവിനെ ജീവിതത്തിലേക്ക് ക്ഷണിക്കാതെ ഒഴിവാക്കിയിട്ടില്ലേ?

## വിശ്വാസത്തിലന്റെ തത്വങ്ങൾ
## (Principles of Faith)

വെള്ളത്തിലൂടെ നടക്കുവാൻ തയ്യാറായ പത്രോസിനോട് യേശു പറഞ്ഞു: ''വരിക'' യേശുവിന്റെ ''വരിക'' എന്ന വാക്കിനുമുമ്പേ പത്രോസ് നടക്കാൻ ആരംഭിച്ചിരുന്നെങ്കിൽ തുടക്കത്തിൽതന്നെ പത്രോസ് വെള്ളത്തിൽ താഴുമായിരുന്നു. എന്നാൽ വരിക എന്ന യേശുവിന്റെ വാഗ്ദത്തം വെള്ളത്തിൽ വിശ്വാസത്തിന്റെ ചില പടികൾ സൃഷ്ടിച്ചു. പത്രോസ് വിശ്വാസത്തേക്കാൾ ഉപരി തന്റേടത്തിന്റെ ചുവടുകളാണ് വച്ചത്. വരിക എന്ന വാഗ്ദത്ത വാക്കുകൾ കേട്ടപ്പോൾ മറ്റു ശിഷ്യന്മാർ വെള്ളത്തിൽ നടക്കാൻ ശ്രമിച്ചിരുന്നെങ്കിൽ അവരും വെള്ളത്തിൽ താഴുമായിരുന്നു. കാരണം വാഗ്ദത്തം പത്രോസിന് മാത്രം ഉള്ളതായിരുന്നു. വാഗ്ദത്തത്തിന്റെ വ്യവസ്ഥ പത്രോസിന് മാത്രം ബാധകമായിരുന്നു. ഇതുപോലെ ദൈവത്തിന്റെ വാഗ്ദത്തത്തെ വിശ്വസിക്കാൻ ശ്രമിക്കുമ്പോൾ, വാഗ്ദത്തം നമ്മുടേതാണെന്നും അതിന്റെ വ്യവസ്ഥകൾ പാലിക്കേത് നമ്മളാണെന്നും ഉള്ള വ്യക്തമായ ബോധം ഉായിരിക്കണം.

പത്രോസ് വെള്ളത്തിലേക്കുകാലുകൾ വച്ചു. വിശ്വാസം പത്രോസിൽ നിറഞ്ഞു. നിമിഷങ്ങൾക്കുമുമ്പ് ഭൂതമാണെന്ന് കരുതി നിലവിളിച്ച പത്രോസിന്റെ ഉള്ളിൽ സംശയം ഉായിരുന്നു. എന്നാൽ അത്ഭുതം അനുഭവിക്കുവാൻ അവന് വിശ്വാസത്തിനനുസരിച്ച് പ്രവർത്തിക്കേതായുായിരുന്നു. പടകിന്റെ വശത്ത് പിടിച്ച് തൂങ്ങി കാലുകൾ വെള്ളത്തിൽ ഉറയ്ക്കുമോ എന്ന് ഒന്നു ശ്രമിച്ചുനോക്കാൻ പത്രോസ് ശ്രമിച്ചിരുന്നെങ്കിൽ തന്റെ ജീവിതത്തിൽ ഒരിക്കലും അത്ഭുതം സംഭവിക്കുകയില്ലായിരുന്നു. ഇതുപോലെ നാം അത്ഭുതത്തെ പ്രാപിക്കുന്നതിനുമുമ്പ് ദൈവത്തിന്റെ വാഗ്ദത്തത്തിൽ പൂർണ്ണമായി വിശ്വസിക്കണം. ആ വാഗ്ദത്തം വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം നമ്മുടെ വിശ്വാസത്തിന് ശോധന വരുന്ന സമയങ്ങൾ ജീവിതത്തിൽ ഉാകും. ആ ശോധനയുടെ സമയങ്ങൾ ചെറുതായിരിക്കാം അഥവാ വലുതായിരിക്കാം. എന്തായാലും നമ്മുടെ ഇന്ദ്രിയങ്ങൾ ദൈവിക പ്രവർത്തിക്കുവേ പൂർണ്ണമായി സമർപ്പിക്കപ്പെടാൻ സമയം എടുത്തേക്കാം.

പത്രോസിന്റെ തുടക്കം ഗംഭീരമായിരുന്നു. എന്നാൽ അവൻ ചെയ്യാൻ പോകുന്നത് അസാദ്ധ്യമായ ഒരു പ്രവർത്തിയാണെന്ന് കാറ്റും തിരമാലകളും അവനെ പിൻതാങ്ങി തന്മൂലം അവൻ ഭീരുവായി. ഉടനെ അവൻ നടത്തം നിർത്തി പേടിച്ചു അടുത്ത ചുവടുവയ്ക്കാൻ മടിച്ചു. അത്ഭുതത്തെ അനുഭവിച്ചുകൊിരുന്നവൻ മുങ്ങുവാൻ തുടങ്ങുന്നത് അനുഭവിച്ചറിഞ്ഞു. നാം വിശ്വാസത്തിന്റെ ചുവടുകൾ വയ്ക്കണം. ആ ചുവടുകൾ വിശ്വാസത്തിന്റെ പ്രവർത്തിയെ വെളിപ്പെടുത്തണം.

സംശയിച്ച പത്രോസ് മുങ്ങുവാൻ തുടങ്ങി. മനുഷ്യൻ പലപ്പോഴും അവരുടെ അവിശ്വാസത്തെ അംഗീകരിക്കാറില്ല. പകരം ദൈവത്തിൽ കുറ്റം ചുമത്താൻ ശ്രമിക്കും. സുരക്ഷിതമായി യേശുവിനോടൊപ്പം പടകിൽ കയറിയ പത്രോസ് യേശു കേൾക്കെ മറ്റു ശിഷ്യന്മാരോടു ഇപ്രകാരം പറയുന്നു: യേശുവിന്റെ അടുക്കലേക്കു വെള്ളത്തിലുടെ പകുതി ദൂരം സഞ്ചരിക്കുവാൻ മാത്രമെ ദൈവത്തിന് എന്നെക്കുറിച്ച് ഇഷ്ടം ഉായിരുന്നുള്ളു. ഇങ്ങനെ പറഞ്ഞാൻ യേശു എന്തായിരിക്കും പ്രതികരിക്കുന്നത്?

പത്രോസിന്റെ വിശ്വാസം തകർന്നു. വിശ്വാസത്തകർച്ച അവനിൽ ഭയം ഉളവാക്കി. ആ ഭയം അവന്റെ പരാജയത്തിന് കാരണമായി. ഇതാണ് വസ്തുത. യേശു അവനെ കുറ്റപ്പെടുത്തിയില്ല; തന്റെ കൈകൾ നീട്ടി അവനെ താങ്ങിനിർത്തി. നീ എന്തിനു സംശയിച്ചു എന്നു ചോദിച്ചു. പത്രോസിന് സംശയിക്കേ യാതൊരു കാര്യവും ഉായിരുന്നില്ല. ദൈവപുത്രനായ യേശു യഥാവാനാണ് എന്ന് അവന് വിശ്വസിക്കാമായിരുന്നു. ഭയപ്പെടാനോ, ദുഃഖിക്കാനോ, ദൈവ വചനത്തെ സംശയിക്കാനോ ഒരു ദൈവ പൈതലിന് അവകാശമില്ല.

വിജയം വിശ്വാസത്തിന്റെ ഫലമാണ്, സംശയം പരാജയത്തിന്റെ കാരണവും. അനേകർ മരുഭൂമിയിൽ പട്ടുപോയപ്പോൾ വാഗ്ദത്തനാട്ടിലെത്താൻ കാലേബിനേയും യോശുവായേയും സഹായിച്ചത് അവരുടെ വിശ്വാസമാണ് (സംഖ്യ 14:26-30). യേശു തന്റെ ശിഷ്യന്മാരെ ഈരര് ഇരായി ശുശ്രൂഷക്ക് അയച്ചു (ലൂക്കോ 22:35). എന്നാൽ ഒരിക്കൽ ഒരു ഭൂതത്തെ അവരുടെ ശുശ്രൂഷയിൽ പുറത്താക്കാൻ അവർക്ക് കഴിഞ്ഞില്ല. അതിനുകാരണം അവരുടെ അവിശ്വാസമായിരുന്നു (മത്തായി 17:19-20). യേശുവിന്റെ ശുശ്രൂഷയിൽ അനേകർ അത്ഭുതരോഗസൗഖ്യം പ്രാപിച്ചു. എന്നാൽ യേശുവിന്റെ സ്വന്ത പട്ടണമായ നസ്രേത്തിൽ ആരും സൗഖ്യം പ്രാപിച്ചില്ല. അവരുടെ അവിശ്വാസമായിരുന്നു അതിനു കാരണം.

എന്റെ വ്യക്തിപരമായ ജീവിതത്തിൽ വിശ്വാസത്താലുായ വിജയവും അവിശ്വാസത്താലുായ പരാജയവും ഞാൻ അനുഭവിച്ചിട്ടു്. എന്റെ പരാജയങ്ങളെ ശപിക്കാനോ, ദൈവത്തെ നിന്ദിക്കാനോ എനിക്ക് കഴിയില്ല. ദൈവത്തെ നിന്ദിച്ച് സ്വയം നീതീകരിക്കാനും ഞാൻ തയ്യാറല്ല. ദൈവത്തിന്റെ ഹിതം എന്തെന്നറിയാൻ വേദപഠനഗ്രന്ഥങ്ങളെ തേടിപ്പോകാനും ഞാൻ ഉദ്ദേശിക്കുന്നില്ല. ദൈവത്തോടുകളവുപറയുവാൻ ആർക്കും സാദ്ധ്യമല്ല.

അതുകൊ് എന്റെ പരാജയത്തെ സ്വയം സമ്മതിച്ച്, എന്റെ അവിശ്വാസത്തെ ഏറ്റുപറഞ്ഞ് ഒരിക്കൽ കൂടി പത്രോസ് പരാജയപ്പെട്ട ആ വെള്ളത്തിലൂടെ അടികൾ വച്ച് മുന്നേറുവാൻ ഞാൻ ആഗ്രഹിക്കുന്നു. യേശു എന്നോടു ക്ഷമിക്കുകയും ഞാൻ മുങ്ങിപ്പോകാതെ അവൻ എന്നെ പാലിക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വിധി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു - വിശ്വസിച്ചാൻ അനുഗ്രഹം, സംശയിച്ചാൽ പരാജയം ! ശിഷ്യന്മാരെ കൊതിക്കുന്ന ശുശ്രൂഷകൻ യേശുവിന്റെ മാതൃകയെ പിൻപറ്റണം. യേശു വിശ്വാസത്തിന്റെ നിറകുടമായിരുന്നു. ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിക്കുവിൻ, യേശു ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകി (മർക്കോ 11:22).